86499/2017/DCKNR

COLLECTORATE
Date 11/9/17
KANNUR

**ഇരിട്ടി, മട്ടന്നൂർ മുൻസിപ്പാലിറ്റികളിലെ ശുദ്ധജല വിതരണത്തിനായി ജലസംഭരണി നിർമ്മിക്കാനുള്ള പദ്ധതിയുടെ സാമൂഹ്യാഘാത പഠന റിപ്പോർട്ടിന്മേൽ വിദഗ്ധസമിതിയുടെ ശുപാർശക്കുറിപ്പ്**

കണ്ണൂർ ജില്ലയിലെ ഇരിട്ടി, മട്ടന്നൂർ മുൻസിപ്പാലിറ്റികളിലെ ശുദ്ധജലവിതരണത്തിനായി ജലസംഭരണി നിർമ്മിക്കുന്നതിനുവേണ്ടി സ്ഥലം ഏറ്റെടുക്കുമ്പോൾ ഉണ്ടാകാനിടയുള്ള സാമൂഹ്യാഘാതത്തെക്കുറിച്ച് പഠനം നടത്തുന്നതിന് വിജിൽ, മട്ടന്നൂർ എന്ന എജൻസിയെ കണ്ണൂർ ജില്ലാ കലക്ടർ ചുമതലപ്പെടുത്തിയതനുസരിച്ച് അവർ സമർപ്പിച്ച പഠന റിപ്പോർട്ട് വിലയിരുത്തുന്നതിനും റിപ്പോർട്ട് സമർപ്പിക്കുന്നതിനുമായി ജില്ലാ കലക്ടറുടെ 08.08.2017 തീയ്യതിയിലെ 3771/2017/സി6 എന്ന ഉത്തരവ് പ്രകാരം രൂപവൽക്കരിച്ച ഈ വിദഗ്ധ സമിതി 30.08.2017-ാം തീയ്യതി പ്രഥമയോഗം ചേരുകയും സ്ഥലം സന്ദർശിക്കുകയും ചെയ്തു. അപ്രകാരം കണ്ടെത്തിയ കാര്യങ്ങൾ 07.09.2017-ാം തീയ്യതി അന്തിമയോഗം ചേർന്ന് വിലയിരുത്തി താഴെ ചേർത്ത പ്രകാരം റിപ്പോർട്ട് സമർപ്പിക്കുന്നു.

മേല്പറഞ്ഞ ആവശ്യത്തിനുവേണ്ടി ജലസംഭരണി നിർമ്മിക്കുവാനുദ്ദേശിക്കുന്ന സ്ഥലം ഇരിട്ടി മുൻസിപ്പാലിറ്റിയിൽപെട്ടതും കീഴൂർ വില്ലേജ് കീഴൂർ ദേശത്ത് റി.സ. 98/1 ൽപെട്ട 0.1012 ഹെക്ടർ (25 സെന്റ്) സ്ഥലത്താണ്. ഈ സ്ഥലം പാറക്കെട്ടുകൾ നിറഞ്ഞതും പട്ടമരങ്ങൾ സ്ഥിതിചെയ്യുന്നതുമായ സ്ഥലമാണ്. ഇരിട്ടി ഹൈസ്കൂളിനു മുന്നിലുള്ള താർറോഡിൽ നിന്നും ഈ സ്ഥലത്തേക്ക് പ്രവേശിക്കുവാൻ റോഡ് സൌകര്യത്തിനുള്ള 3 മീറ്റർ വീതി കൂടി ഉൾപ്പെടുത്തി വസ്തുവിന്റെ സ്കെച്ച് പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. നേരത്തെ നിശ്ചയിച്ച സ്ഥലത്തിൽ നിന്നും പുതിയ സ്കെച്ച് പ്രകാരം വിസ്തീർണ്ണ വ്യത്യാസമില്ല. രണ്ട് സ്ഥലമുടമകളിൽ നിന്നാണ് ഈ സ്ഥലം ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നത്. ഈ സ്ഥലം കാർഷിക ഭൂമിയല്ല.

ഈ സമിതി താഴെ പറയുന്ന കാര്യങ്ങൾ ശുപാർശ ചെയ്യുന്നു.

1. നിർദ്ദിഷ്ടസ്ഥലം ഏറ്റെടുക്കുന്നത് ഒരു പൊതുആവശ്യത്തിനുവേണ്ടി, അതായത് ഇരിട്ടി, മട്ടന്നൂർ മുൻസിപ്പാലിറ്റികളിലും സമീപ പഞ്ചായത്തുകളിലും നിലവിലുള്ള കുടിവെള്ള വിതരണത്തിലെ അപര്യാപ്ത പരിഹരിക്കാനും ഭാവിയിലെ ആവശ്യം കണക്കിലെടുത്തും സുഗമമായ കുടിവെള്ള വിതരണത്തിനായി ജലസംഭരണി സ്ഥാപിക്കുന്നതിനുവേണ്ടിയാണ്. ആയതിനാൽ ഈ സ്ഥലമേറ്റെടുക്കൽ അത്യാവശ്യമാണ്.
2. ഉയർന്ന പ്രദേശത്ത് ജലസംഭരണി സ്ഥാപിച്ചാൽ മാത്രമേ സുഗമമായ ജലവിതരണം സാധ്യമാവുകയുള്ളൂ. നിർദ്ദിഷ്ടസ്ഥലം ഉയർന്ന പ്രദേശമാണ്. ആയതിനാൽ പകരം ഭൂമി കണ്ടെത്തേണ്ട ആവശ്യമില്ല.
3. ഏറ്റവും മിതമായ രീതിയിലും അളവിലുമുള്ള സ്ഥലമാണ് വാട്ടർ അതോറിറ്റിക്കുവേണ്ടി ഏറ്റെടുക്കുന്നതിന് നിശ്ചയിച്ചിട്ടുള്ളതെന്ന് കാണുന്നു.
4. പാറക്കെട്ടുകളും കാടും നിറഞ്ഞ പ്രദേശമാണ് ഏറ്റെടുക്കുവാൻ നിശ്ചയിക്കപ്പെട്ട സ്ഥലം. ആയതിനാൽ കുടിയൊഴിപ്പിക്കലോ പുനരധിവാസ പ്രശ്നമോ ഇല്ല. തൊഴിൽ സംബന്ധമായോ പൊതുജനങ്ങൾക്കോ പരിസ്ഥിതിക്കോ കാർഷിക ഭൂമിക്കോ ഈ സ്ഥലമേറ്റെടുക്കൽ മൂലം ആഘാതമില്ല. കൂടാതെ പൊതുവഴികൾക്കും തടസ്സമില്ല.
5. കണ്ണൂർ ജില്ലയിലെ അടുത്തടുത്തായി സ്ഥിതിചെയ്യുന്ന രണ്ട് പ്രധാനപ്പെട്ട മുൻസിപ്പാലിറ്റികളാണ് ഇരിട്ടിയും മട്ടന്നൂരും. കൂടാതെ ഒരുപാട് വികസന പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകുമ്പോൾ

(തുടരും)

ഏറ്റവും അത്യന്താപേക്ഷിതവും അമൂല്യവുമായ ജലത്തിന്റെ ലഭ്യത ഉറപ്പുവരുത്തുക എന്നത് സർക്കാരിന്റെ ഭാരിച്ച ചുമതലയാണ്. ആയതിനാൽ ഈ പ്രദേശങ്ങളിൽ ജലസംഭരണി എന്ന ആശയം മുന്നോട്ട് വച്ച ജലഅതോറിറ്റിയുടെ കാഴ്ചപ്പാടിനോട് യോജിക്കുന്നു.

മേല്പറഞ്ഞ സാഹചര്യങ്ങളാൽ നിർദ്ദിഷ്ട ഭൂമിയേറ്റെടുക്കുന്നതിന് ഈ സമിതി ശുപാർശ ചെയ്യുന്നു.

പി.രഘു
കൌൺസിലർ
ഇരിട്ടി മുൻസിപ്പാലിറ്റി

പി.വി.പ്രേമവല്ലി
കൌൺസിലർ
ഇരിട്ടി മുൻസിപ്പാലിറ്റി

ഗോപി.എം
സാമൂഹ്യശാസ്ത്രജ്ഞൻ

പി.രാജൻ
റിട്ട. ഡെപ്യൂട്ടി കലക്ടർ
പുനരധിവാസ പ്രവർത്തന വിദഗ്ധൻ

എൻ.ബി.അജയഘോഷ്
എക്സിക്യൂട്ടീവ് എഞ്ചിനീയർ
കേരള വാട്ടർ അതോറിറ്റി
പ്രൊജക്റ്റ് ഡിവിഷൻ മട്ടന്നൂർ

ജിജി കൈതപ്രത്ത്
സാമൂഹ്യശാസ്ത്രജ്ഞ

സി.എം.മുരളീധരൻ
റിട്ട. ഡെപ്യൂട്ടി കലക്ടർ
പുനരധിവാസ പ്രവർത്തന വിദഗ്ധൻ

ചെയർപേഴ്സൺ
വിദഗ്ധസമിതി